Uncorrected / not for publication

**അടിയന്തിര പ്രമേയം**

മി. സ്പീക്കർ: കയർ, കശുവണ്ടി, കൈത്തറി, കള്ളുചെത്ത്, ഖാദി, ബീഡി, മത്സ്യം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ പ്രതിസന്ധിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ ഈ വ്യവസായങ്ങളെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും തൊഴിലും ആനുകൂല്യങ്ങളും നഷ്ടപ്പെട്ട് കടുത്ത ദുരിതത്തിലും ആശങ്കയിലുമായിരിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ഗുരുദാസൻ, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

**പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വിവിധ സബ്ജക്ടുകളാണെങ്കിലും പരമ്പരാഗത വ്യവസായങ്ങൾ എന്നുള്ള പൊതുവായ കാറ്റഗറിയിൽപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ് ഇന്ന് നോട്ടീസ് തന്നിട്ടുള്ളത്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ പ്രാധാന്യം നമ്മളെല്ലാം ഒരുപോലെ ഉൾക്കൊള്ളുന്നുണ്ട്. അനേകലക്ഷം കുടുംബങ്ങൾ പരമ്പരാഗത വ്യവസായങ്ങളെ ആശ്രയിച്ചാണ് കഴിയുന്നത്. അതേസമയം ഈ മേഖലകളിലെല്ലാം കുറഞ്ഞ വേതനവും മെച്ചമല്ലാത്ത സേവന വ്യവസ്ഥകളുമാണ് നിലനിൽക്കുന്നതെന്ന യാഥാർത്ഥ്യവും നമ്മൾ ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് പരമ്പരാഗത വ്യവസായങ്ങൾ എന്ന കാറ്റഗറിയിൽപ്പെട്ടിട്ടുള്ള കാര്യങ്ങൾക്കെല്ലാം പ്രത്യേകമായ പരിഗണന കൊടുക്കുകയും കൂടുതൽ ഫണ്ട് അനുവദിക്കുകയും ആ മേഖലകളിലെ പ്രശ്നങ്ങൾ ഓരോന്നിനും പരിഹാരമുണ്ടാക്കാൻ വേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ബീഡി വ്യവസായത്തിന്റെ കാര്യത്തിൽ ഞങ്ങൾ അങ്ങനെയൊരു അവകാശവാദം പറയുന്നില്ല. കാരണം ആഗ്രഹമില്ലാഞ്ഞിട്ടല്ല. പക്ഷേ പുകയിലയ്ക്കെതിരായ പ്രചരണങ്ങളും ജനങ്ങളുടെ ഇടയിൽ പുകവലിക്കെതിരെ സ്വന്തമായി അവബോധമുണ്ടായതിനാൽ ബീഡിയുടെ ഉപയോഗം കാര്യമായി കുറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ബീഡിത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ബാക്കിയുള്ള എല്ലാ മേഖലക

ളിലും പ്രത്യേകമായ ശ്രദ്ധയും പ്രത്യേകമായ പരിഗണനയും കൊടുത്തു കൊണ്ടാണ് ഇതുവരെ പ്രവർത്തിച്ചിട്ടുള്ളത്. ഓരോ മേഖലയിലുമുള്ള പ്രത്യേകതകൾ അവിടെ ചെയ്ത കാര്യങ്ങൾ അതൊക്കെ ഇപ്പോൾ ഞാൻ വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട. പി. കെ. ഗുരുദാസൻ പറഞ്ഞതിനു ശേഷം അവ ഓരോന്നിനെക്കുറിച്ചും ഞാൻ എടുത്ത് പറയാം. പക്ഷേ ഈ ഗവൺമെന്റിന്റെ പൊതുവായ സമീപനം വളരെ വ്യക്തമാണ്. അത നുസരിച്ചാണ് കഴിഞ്ഞ ഒന്നര വർഷക്കാലം പ്രവർത്തിച്ചിട്ടുള്ളത്. ഇനിയും അതിനകത്ത് പോരായ്മകൾ കാണാം. ആ പോരായ്മകൾ ചൂണ്ടിക്കാണിച്ചാൽ നിശ്ചയമായും ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി ക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്ന ഏത് കാര്യവും ചെയ്യുന്നതിന് തയ്യാ റാണെന്ന് പറയാൻ കൂടി ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ : സർ, പരമ്പരാഗത വ്യവസായങ്ങളിൽ ഒരെണ്ണം ഞാൻ ഇതിനകത്ത് ഡ്രാഫ്റ്റ് ചെയ്തപ്പോൾ വിട്ടുപോയി. അത് ഈറ്റ പനമ്പ് മേഖലയാണ്. ഈ മേഖലയിൽ ഏകദേശം ഒരു ലക്ഷം തൊഴിലാളികൾ ഉണ്ട്. കയർ, കശുവണ്ടി, കൈത്തറി, ഖാദി, ബീഡി, കള്ളുചെത്ത്, ഈറ്റപനമ്പ്, മത്സ്യം ..............

ശ്രീ. ഉമ്മൻ ചാണ്ടി : അങ്ങ് വിട്ടുപോയാലും ഞാൻ വിട്ടുപോയിട്ടില്ല.

ശ്രീ. പി.കെ. ഗുരുദാസൻ : സർ, ഈ മേഖല കഴിഞ്ഞ 2001-2006 കാലത്തെ സ്ഥിതിയിലേയ്ക്ക് മുതലക്കൂപ്പുകുത്തുകയാണ്. ആ കാലഘട്ടത്തിൽ ഈ മേഖലയിലെ തൊഴിലാളികൾ ധാരാളം സമരങ്ങൾ

സംഘടിപ്പിക്കുകയുണ്ടായി. ഒരു പീരിയഡിൽ ബഹുമാനപ്പെട്ട എ.കെ. ആന്റണിയും മറ്റൊരു പീരിയഡിൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയും ആയിരുന്നു മുഖ്യമന്ത്രിമാർ. പക്ഷേ വ്യവസായങ്ങളെല്ലാം തകർന്നു. ട്രഡീഷണൽ വ്യവസായങ്ങളെല്ലാം അന്നത്തെ സ്ഥിതിയിലേയ്ക്ക് ഇപ്പോൾ തകർന്നുകൊണ്ടിരിക്കുന്നു എന്നുള്ള വിഷയമാണ് എനിക്കിവിടെ ബഹുമാനപ്പെട്ട സഭയുടെ മുമ്പിൽ അവതരിപ്പിക്കാനുള്ളത്. ചില മേഖലകളിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും ആരംഭിച്ചിരിക്കുകയാണ്. ഈ നിലയ്ക്ക് 15,00,000 തൊഴിലാളികളുടെ ജീവിതസ്ഥിതി അങ്ങേയറ്റം ആപത്തിലേയ്ക്കും ദാരിദ്ര്യത്തിലേയ്ക്കും പട്ടിണിയിലേയ്ക്കും വലിയ പ്രതിസന്ധിയിലേയ്ക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ ശ്രീ. പി. തിലോത്തമന്റെ കോളിംഗ് അറ്റൻഷന് മറുപടി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പുമന്ത്രി വിശ്വംഭരന്റെയും സജീവന്റെയും കാര്യം പരിഗണിക്കുന്നതിന് തയ്യാറായില്ല. നാല് ലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികളുടെ സ്ഥിതിയെടുത്താൽ ഇപ്പോൾ മൂന്ന് ലക്ഷത്തോളം തൊഴിലാളികൾക്കും പണിയില്ല. അതിൽ മഹാഭൂരിപക്ഷവും 'പിരി'മേഖലയിലാണ്. പിരിമേഖല പൊതുവിൽ തകർന്നിരിക്കുകയാണ്. പിരിമേഖല ഏറ്റവും അധികമുള്ളത് തിരുവനന്തപുരം, കൊല്ലം ജില്ലകളിലാണ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിലടക്കം ഏഴ് ജില്ലകളിലുള്ള വ്യവസായമാണ് കയർ വ്യവസായം. അനേകം പഞ്ചായത്തുകളിലും വില്ലേജുകളിലും പ്രവർത്തിക്കുന്ന ഈ വ്യവസായ മേഖല

ഇന്ന് തകർന്ന് തരിപ്പണമായിരിക്കുകയാണ്. 444 കയർപിരി സഹകരണ സംഘങ്ങളുണ്ട്. അതിൽ മഹാഭൂരിപക്ഷവും ഇന്ന് പ്രവർത്തിക്കുന്നില്ല. 2011-12-ലും 2012-13-ലും കയർമേഖലയ്ക്കുവേണ്ടി ബഡ്ജറ്റ് വിഹിതം മാറ്റിവച്ചുവെന്നുള്ള കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞാൻ അംഗീകരിക്കുകയാണ്. പക്ഷേ ആ ബഡ്ജറ്റ് വിഹിതം ചെലവഴിക്കുന്നില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. എന്ന് മാത്രമല്ല എന്തിനു വേണ്ടി ചെലവഴിക്കുന്നുവെന്നതിനെപ്പറ്റി യാതൊരു വ്യവസ്ഥയുമില്ല. ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെട്ട് കയറിന്റെ വില നിശ്ചയിക്കുകയും സംഭരിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് കയർ വ്യവസായത്തിന്റെ സംരക്ഷണത്തിന് ആവശ്യമായിട്ടുള്ളത്. അതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഒരു സ്ക്കീമാണ് 'ഇൻകം സപ്പോർട്ടിംഗ് സ്ക്കീം'. തൊഴിലാളികൾക്ക് മാന്യമായ കൂലി കൊടുത്ത് അവരെക്കൊണ്ട് പണിയെടുപ്പിച്ച് ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. 2011 ഫെബ്രുവരിയിലാണ് ഇത് പ്രാവർത്തിക മാക്കിയത്. 2010-11-ൽ കൊണ്ടുവന്ന പദ്ധതി ആണെങ്കിലും വർഷാവസാ നമാണ് പ്രാവർത്തികമാക്കിയത്. കയർ വ്യവസായത്തിനുവേണ്ടി മാറ്റിവച്ച 20 കോടി രൂപയിൽ ചെലവഴിച്ചത് 1 കോടി 98 ലക്ഷം രൂപ മാത്രമാണ്. 2012-13-ലേയ്ക്ക് 15 കോടി രൂപ മാറ്റിവച്ചു. പക്ഷേ അതിൽ ഒരു പൈസ പോലും ചെലവാക്കിയില്ല. അങ്ങനെ 20 കോടിയും 15 കോടിയും

കൂട്ടിച്ചേർത്ത് 35 കോടി രൂപ ഇൻകം സപ്പോർട്ടിംഗ് സ്ക്കീമിൽ ചെലവഴിക്കേണ്ടിയിരുന്നതാണ്. എന്നാൽ 1 കോടി 98 ലക്ഷം രൂപ മാത്രമാണ് ഈ ഗവൺമെന്റ് ചെലവഴിച്ചിട്ടുളളത് എന്ന ദു:ഖ സത്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറച്ചു വയ്ക്കുകയാണ്. ഇപ്പോൾ 15,345 തൊഴിലാളികൾക്കാണ് കയർ സഹകരണ മേഖലയിൽ ഈ ആനുകൂല്യങ്ങൾ കൊടുക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ കണക്കനുസരിച്ച് 21000 പേർ മാത്രമാണ് ഈ വ്യവസായത്തിലുളളത്. നാല് ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ 21,000 പേർ മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ കണക്കിൽ കയർത്തൊഴിലാളികളായിട്ടുളളത്. ബാങ്ക് വഴി നടപ്പാക്കുന്ന ഇൻകം സപ്പോർട്ടിംഗ് സ്ക്കീം സമ്പ്രദായം അപ്രായോഗികവും അശാസ്ത്രീയവുമാണെന്ന് മനസ്സിലാക്കിയിട്ടും അത് തിരുത്തിയിട്ടില്ല. ഒരു കൊല്ലവും ഏഴ് മാസവും പിന്നിട്ടിട്ടും ഈ ഗവൺമെന്റ് തിരുത്തിയിട്ടില്ല. കൂലി വർദ്ധിപ്പിച്ചുവെന്ന് അദ്ദേഹം പറയുന്നു, 150 രൂപയായിരുന്ന കൂലി, 200 രൂപയാക്കാൻ വേണ്ടിയാണ് ഇൻകം സപ്പോർട്ടിംഗ് സ്ക്കീം കൊണ്ടുന്നത്. അദ്ദേഹം 10 രൂപ കൂടി വർദ്ധിപ്പിച്ചുവെന്ന് സങ്കൽപ്പിച്ചുകൊണ്ട് 210 രൂപയായി പ്രഖ്യാപിക്കുകയും ആ 210 രൂപയിൽ 100 രൂപയായിട്ട് തൊഴിലാളികളുടെ കൂലി കുറയ്ക്കുകയും ചെയ്തിരിക്കുകയാണ്. ഇതാണ് സത്യം. ഇതുമാത്രമല്ല, ആലപ്പുഴ കേന്ദ്രീകരിച്ചുകൊണ്ടുളള തടുക്കും പായും നിർമ്മിക്കുന്ന മാറ്റ്സ് ആന്റ് മാറ്റിംഗ് സൊസൈറ്റികൾ 72

എണ്ണം അടച്ചിട്ടിരിക്കുകയാണ്. അപ്രകാരം ചെറുകിട വ്യവസായികളുടെ സംഘങ്ങളും അടച്ചിട്ടിരിക്കുകയാണ്. ആലപ്പുഴ മേഖലയിൽ തടുക്കും പായുമൊക്കെ നിർമ്മിക്കുന്ന എണ്ണായിരത്തോളം ചെറുകിട വ്യവസായ സ്ഥാപനങ്ങളുണ്ട്. ഇതിൽ മഹാഭൂരിപക്ഷവും അടച്ചിട്ടിരിക്കുകയാണ്. കയർ പ്രൈമറി സംഘങ്ങൾക്കും, കയർഫെഡിനും യഥാസമയം സാമ്പത്തിക സഹായം നൽകുന്നില്ല. കയർ സൊസൈറ്റികളിൽ ഒന്നുപോലും വർക്ക് ചെയ്യുന്നില്ല. കയർപിരി മേഖലയിൽ ഏറ്റവും അധികം വ്യവസായങ്ങളുള്ളത് കൊല്ലം ജില്ലയിലാണ്.  അവിടെ മുപ്പതിനായിരം തൊഴിലാളികൾ പണിയെടുത്തിരുന്ന സ്ഥാനത്ത് മൂവായിരത്തിലധികം തൊഴിലാളികൾക്കേ ഇപ്പോൾ പണിയുള്ളൂ. ഇതാണ് സ്ഥിതി. തിരുവനന്തപുരത്താണെങ്കിൽ 3500 തൊഴിലാളികൾക്കേ പണിയുള്ളൂ. മറ്റ് ജില്ലകളുടെ സ്ഥിതി ഞാൻ പ്രത്യേകിച്ച് പറയേണ്ടതായിട്ടില്ല. ആലപ്പുഴ ജില്ല കയർ ഫാക്ടറി മേഖലയാണ്. ആ കയർ ഫാക്ടറി മേഖലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രൈസ് സ്റ്റെബിലൈസേഷൻ സ്ക്കീം കൊണ്ടുവന്നു. അതിൽ കയർ ഫാക്ടറി ഉടമകൾ സഹകരിക്കുകയുണ്ടായി. കയറ്റുമതിക്കാരായിട്ടുള്ള മുതലാളിമാർ സഹകരിക്കുകയും ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനുവേണ്ടി ഡിപ്പോകൾ നിറുത്തുകയും  ചെയ്തു.  കയർ കോർപ്പറേഷൻ  സംഭരിച്ച്  കയറ്റുമതിക്കാർക്ക് കൊടുക്കുന്ന ഒരു സമ്പ്രദായം ഏർപ്പെടുത്തി. കയറ്റുമതിക്കാർക്ക് ഏഴര ശതമാനം റിബേറ്റ് കൊടുത്തു.  മൂന്ന് ശതമാനം പ്രൈമറി സംഘങ്ങൾക്ക്  സംഭരിക്കുന്നതിനാവശ്യ

മായിട്ടുള്ള സഹായ പദ്ധതി നടപ്പിലാക്കി. ഇത് പരിപൂർണ്ണമായി പരാജയപ്പെട്ടു. പരാജയപ്പെട്ട ഡിപ്പോ വീണ്ടും പുനരാരംഭിച്ചിരിക്കുകയാണ്. അപ്പോൾ ഇടത്തട്ടുകാർ ഈ രംഗത്ത് കൊള്ള ആരംഭിച്ചു. ഇപ്രകാരമുള്ള കൊള്ള സമ്പ്രദായം ഈ കയർ വ്യവസായത്തിൽ പുനരാരംഭിച്ചിരിക്കുന്നുവെന്നുള്ള ദു:ഖകരമായിട്ടുള്ള സത്യമാണ് ഇപ്പോൾ നിലവിലുള്ളത്. ഞാൻ അതെല്ലാം പരത്തിപ്പറയുന്നില്ല. ഒരുപാട് വിഷയങ്ങൾ പറയാനായിട്ടുണ്ട്. നാഷണൽ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചു. അത് ഇപ്പോൾ ഒരു പ്രവർത്തനവും നടത്തുന്നില്ല. ശരിക്കും പറഞ്ഞാൽ തൊണ്ട് സംഭരണമില്ല, ചകിരി ചകിരി കൊടുക്കുന്നില്ല. ചകിരി കയറ്റുമതി ചെയ്യുന്നത് തമിഴ്നാട്ടിൽ നിന്നാണ്, കേരളത്തിൽ നിന്നല്ല. അപ്പോൾ ചകിരിയുണ്ടാക്കാനുള്ള സംവിധാനമില്ല, തൊണ്ട് സംഭരണമില്ല. ഇത് കേരളത്തിൽ അങ്ങേയറ്റം പരാജയപ്പെട്ടിരിക്കുകയാണ്. ഇപ്രകാരമുള്ള ഒരു സ്ഥിതിയിലേയ്ക്ക് കേരളം പോകുന്നു. സ്വകാര്യ മേഖലയിൽ നടപ്പിലാക്കിയെന്ന് അദ്ദേഹം പറഞ്ഞു. പ്രിയപ്പെട്ട ശ്രീ. അടൂർ പ്രകാശ് മനസ്സിലാക്കേണ്ടത് കൊല്ലത്ത് 116 പേർക്കാണ് ഈ സ്ക്കീം നടപ്പിലാക്കിയത്. അതു തന്നെ ഒരു മുതലാളിയുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളാണ്. ചേർത്തലയിൽ രണ്ട് തൊഴിലാളികൾ ആത്മഹത്യ ചെയ്തു. കയർ തൊഴിലാളികളാണ് മരിച്ചത് എന്നുള്ള കാര്യം ശ്രീ. അടൂർ പ്രകാശ് പറഞ്ഞതാണ്. പക്ഷേ എന്തുകൊണ്ട് നിങ്ങൾ നടപടിയെടുക്കുന്നില്ല; എന്തുകൊണ്ട്

സാമ്പത്തിക സഹായം നൽകുന്നില്ല? കയർ കോർപ്പറേഷന് ആവശ്യമായിട്ടുള്ള ഫണ്ട് നൽകുന്നില്ല. കയർ കോർപ്പറേഷന് നിങ്ങൾ 20 കോടി രൂപ കൊടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം. കയർമേഖല കേരളത്തിന്റെ തീരപ്രദേശത്തുള്ള വ്യവസായമാണ്. അതിനെ സംരക്ഷിക്കുന്നതിനുവേണ്ട സോഫിസ്റ്റിക്കേറ്റഡ് ആയ കയർ ഫാക്ടറി ആരംഭിക്കേണ്ടത് എവിടെയാണ്? എനിക്ക് താല്പര്യമുള്ള സ്ഥലങ്ങളാണ് തണ്ണിത്തോടും തേക്കുതോടും അതുപോലെ ശ്രീ. അടൂർ പ്രകാശിന്റെ മണ്ഡലവുമെല്ലാം. പക്ഷേ കയർ മേഖലയുമായി ആ പ്രദേശങ്ങൾക്ക് എന്ത് ബന്ധമാണുള്ളത്. അവിടെ സോഫിസ്റ്റിക്കേറ്റഡ് കയർ ഫാക്ടറി ആരംഭിച്ചാൽ കയർവ്യവസായത്തിന് എന്തെങ്കിലും പ്രയോജനമുണ്ടാകുമോ? കയർഫെഡ് കോന്നിയിൽ കയർ വ്യവസായം ആരംഭിക്കുകയാണ്. കയർമേഖലയുമായി ബന്ധപ്പെട്ട 444 സൊസൈറ്റികളിൽ ഒരെണ്ണവും പ്രവർത്തിപ്പിക്കാതെ നിങ്ങൾ പുതിയ 200 സൊസൈറ്റികളുണ്ടാക്കുകയാണ്. ദുരുദ്ദേശമാണ് അതിന് പിന്നിലുള്ളത്. ഇതൊരു ദുഷ്ടചിന്തയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം, അല്പമെങ്കിലും പ്രവർത്തിക്കുന്ന കയർഫെഡിനെ തകർക്കാനുള്ള ഈ ദുഷ്ടചിന്ത അവസാനിപ്പിക്കണം. 444 സൊസൈറ്റികളും അടച്ചിട്ടിട്ട് 200 പുതിയ സൊസൈറ്റികളുണ്ടാക്കുകയാണ്. പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി കയർഫെഡ് ജിയോടെക്സ്റ്റൈൽസ് ഉണ്ടാക്കി. ആ കയർഫെഡിനെ തകർക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. കയർവ്യവസായത്തെ സംരക്ഷിക്കുന്നതിനാവശ്യമായ നടപ

ടികളെടുക്കുന്നതിനുപകരം അതിനെ തകർക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. കയർവ്യവസായത്തിന്റെ ശവപ്പറമ്പായി ആ മേഖല മാറിയിരിക്കുകയാണ്. കശുവണ്ടി മേഖലയിൽ മൂന്ന് ലക്ഷം തൊഴിലാളികൾ പണിയെടുക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.... ബഹുമാനപ്പെട്ട അംഗം ഇപ്പോൾ തന്നെ അങ്ങ് 10 മിനിട്ടെടുത്തു കഴിഞ്ഞു. അടിയന്തിരപ്രമേയത്തിനുള്ള സമയമെടുക്കാം. പക്ഷേ ഓരോ വിഷയത്തെയുംകുറിച്ച് വിശദമായി സംസാരിച്ചുകൊണ്ടുപോകാൻ കഴിയില്ല.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഞാൻ പത്തുമിനിട്ട് കൂടി മാത്രമേ എടുക്കുകയുള്ളൂ.

മി. സ്പീക്കർ: 20 മിനിട്ട് അങ്ങനെ അനുവദിക്കാറില്ല. അത് പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ എടുക്കുന്ന സമയമാണ്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഞാൻ പ്രതിപക്ഷത്തിനാകെ വേണ്ടി സംസാരിക്കുന്നതാണ്. വളരെ പാവപ്പെട്ട തൊഴിലാളികളുടെ പ്രശ്നമാണ്.

മി. സ്പീക്കർ: ദയവ് ചെയ്ത് ലാഘവത്തോടുകൂടി അങ്ങ് സംസാരിക്കരുത്. അങ്ങ് മാത്രമല്ല, എല്ലാവരും പാവപ്പെട്ടവർക്കു വേണ്ടി നിൽക്കുന്നവർ തന്നെയാണ്. പ്ലീസ്..

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഞാൻ വളരെ സൗമ്യനാണ്.

മി. സ്പീക്കർ: സൗമ്യതയുടെ കാര്യം പറഞ്ഞ് ഒരുപാട് സമയം എടുക്കാൻ കഴിയുമോ? അഞ്ചു മിനിട്ടുകൊണ്ട് നിറുത്തണം. പ്ലീസ്...

ശ്രീ. പി. കെ. ഗുരുദാസൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വ്യവസായ വകുപ്പുമന്ത്രിക്കും അറിയാം, 13 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി ഇപ്പോൾ കേരളത്തിൽ സംസ്ക്കരിക്കുന്നുണ്ട്. തോട്ടണ്ടി ഉല്പാദന രാഷ്ട്രങ്ങൾ കശുവണ്ടി വ്യവസായം ആരംഭിച്ചിട്ട് അവിടെ നിന്ന് അണ്ടർ വാല്യൂഡ് ഇൻവോയ്സ് പ്രകാരം ഇൻഡ്യയിലേയ്ക്ക് അണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്യുകയാണ്. അത് വളരെയധികം ഗൗരവതരമായൊരു സാഹചര്യമാണ്. ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിനെ സംബന്ധിച്ച് അധികം ഞാൻ പറയുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരിച്ച കണക്കനുസരിച്ചാണ് ഇൻഡ്യയിലെ പല തുറമുഖങ്ങളിലേയ്ക്കും ഇപ്രകാരം വിദേശത്ത് നിന്ന് അണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്യുന്നു എന്ന് പറഞ്ഞിരിക്കുന്നത്. തോട്ടണ്ടിയുടെ സംസ്ക്കരണം, സംഭരണം, ഇറക്കുമതി, കയറ്റുമതി തുടങ്ങിയയെല്ലാം ആസ്പദമാക്കി കാഷ്യൂ ബോർഡ് രൂപീകരിക്കുമെന്നുള്ള അങ്ങയുടെ പ്രഖ്യാപനം നടപ്പിലാക്കുമോ എന്നാണ് എന്റെ ചോദ്യം. മറ്റൊന്ന്, കാഷ്യൂ കോർപ്പറേഷൻ ഇന്ന് പ്രവർത്തനരഹിതമാക്കിയിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വർഷത്തിൽ എല്ലാ ദിവസവും പ്രവൃത്തി

കൊടുത്തിരുന്നതാണ്. ഇപ്പോൾ രണ്ടു മാസമായി കാഷ്യൂ കോർപ്പറേഷന്റെ ഫാക്ടറി അടച്ചിട്ടിരിക്കുകയാണ്. തൊഴിലാളികളിൽ നിന്നും പിരിച്ച നാല് കോടി അടക്കം എട്ട് കോടി രൂപ പ്രോവിഡന്റ് ഫണ്ട് വിഹിതം അടയ്ക്കാനുണ്ട്, ഇത് നാണക്കേടാണ്. കാര്യങ്ങൾ വീണ്ടും 2001–06–ലെ സ്ഥിതിയിലേയ്ക്ക് പോകുകയാണ്. കാപ്പെക്സ് ഭീമമായ നഷ്ടത്തിലാണെന്നാണ് അറിയുന്നത്. മാതൃകാസ്ഥാപനങ്ങളായ കാഷ്യൂ കോർപ്പറേഷനെയും കാപ്പെക്സിനെയും തകർത്തുകൊണ്ട് സ്വകാര്യമേഖലയെ ശക്തിപ്പെടുത്താനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. സ്വകാര്യമേഖലയിൽ നടക്കുന്നത് നിയമനിഷേധമാണ്. ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം, 200 പുതിയ അൺരജിസ്ട്രേഡ് കാഷ്യൂ ഫാക്ടറികൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ വ്യാപകമായ അഴിമതിയാണ് നടക്കുന്നത്. 98 ശതമാനവും സ്ത്രീത്തൊഴിലാളികൾ പണിയെടുക്കുന്ന ഈ സ്ഥാപനങ്ങളിൽ അവരുടെ സ്വകാര്യത സംരക്ഷിക്കാൻ കഴിയാത്ത വിധത്തിലുള്ള ടോയ്ലറ്റുകളാണുള്ളത്. പണിയെടുക്കുന്ന സ്ത്രീത്തൊഴിലാളികളിൽ 30 ശതമാനവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. 4397 കോടി രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന, 131000 മെട്രിക് ടൺ അണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്യുന്ന കശുവണ്ടി വ്യവസായത്തോട് നിങ്ങൾ സ്വീകരിക്കുന്ന നിലപാടെന്താണ്? കശുവണ്ടി വ്യവസായത്തെ സംരക്ഷിച്ചില്ലെങ്കിൽ ഈ രാജ്യത്ത് വലിയ പോരാട്ടം വളർന്നുവരും. കയർ വ്യവസായത്തിന്റെ സ്ഥിതിയും അതുതന്നെയാണ്.

മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട പറയാനുള്ളത്, 60 നോട്ടിക്കൽ മൈൽ വരെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിനുള്ള അവകാശം നൽകണം. അവിടെ വിദേശ കപ്പലുകൾ വരാൻ പാടില്ല. ഇപ്പോൾ ടെറിറ്റോറിയൽ വാട്ടേഴ്സിൽ, 12 നോട്ടിക്കൽ മൈലിന് ഇപ്പുറത്തും അവ കടന്നുവരികയാണ്. അത് അവസാനിപ്പിക്കണം. 60 നോട്ടിക്കൽ മൈൽ വരെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താനുള്ള അവകാശം നൽകണമെന്ന് ഐ.എൻ.ടി.യു.സി., ബി.എം.എസ്., സി.ഐ.ടി.യു. തുടങ്ങി കേരളത്തിലെ എല്ലാ തൊഴിലാളി സംഘടനകളും രൂപതകളുടെ സംഘടനകളും സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണികളുമെല്ലാം ഒരുമിച്ച് ഗവൺമെന്റിനോട് ആവശ്യപ്പെട്ടതാണ്. പക്ഷേ ഗവൺമെന്റ് അതിനാവശ്യമായ നടപടികൾ സ്വീകരിച്ചില്ല. ഇപ്പോൾ മത്സ്യത്തൊഴിലാളികളുടെ ജീവന് സംരക്ഷണമില്ല. തൊഴിലിൽ ഏർപ്പെടുമ്പോൾ എന്തെങ്കിലും അപകടം സംഭവിച്ചാൽ അവിടെ കോസ്റ്റ് ഗാർഡോ ഫീഷറീസ് ഉദ്യോഗസ്ഥരോ നേവി ഉദ്യോഗസ്ഥരോ പോകുന്നില്ല, ബോട്ടുകൾ പോകുന്നില്ല. കഴിഞ്ഞ ദിവസം ഞാൻ മുഖ്യമന്ത്രിയോട് പറഞ്ഞല്ലോ, വള്ളങ്ങൾതന്നെ പോയാണ് ഡെഡ്ബോഡി എടുത്തത്. മത്സ്യബന്ധനത്തിന് മാസത്തിൽ 750 ലിറ്റർ മണ്ണെണ്ണ വേണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽത്തന്നെ പറഞ്ഞതാണ് നിങ്ങൾ എത്രയാണ് കൊടുക്കുന്നത്. 129 ലിറ്റർ മണ്ണെണ്ണ മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. ബാക്കി എവിടെ നിന്നും ലഭിക്കും? അപ്പോൾ തൊഴിലാളികളുടെ ഭാവിജീവിതമെ

ങ്ങനെയാണ്? കടാശ്വാസ കമ്മീഷന്റെ സ്ഥിതിയെന്താണ്? ഒന്നര വർഷ മായി കടാശ്വാസ കമ്മീഷൻ പ്രവർത്തിക്കുന്നുണ്ടോ; നയാപൈസ കൊടു ക്കുന്നുണ്ടോ; മണ്ണെണ്ണ സബ്സിഡി നൽകുന്നുണ്ടോ; ഡീസലിന് സബ്സിഡി കൊടുക്കുന്നുണ്ടോ? അതുപോലെ പഞ്ഞമാസക്കാല സമ്പാദ്യ ആശ്വാസ പദ്ധതിവഴി 3600 രൂപ കൊടുക്കുമെന്ന് പ്രഖ്യാപിച്ചതാണ്. ഇപ്പോൾ കൊടുക്കുന്ന 1800 രൂപ തന്നെ കൃത്യമായി കൊടുക്കുന്നില്ല. ഈ നിലയ്ക്ക് നിങ്ങൾ മത്സ്യത്തൊഴിലാളി മേഖലയെ തകർക്കുകയാണ്. കൈത്തറി മേഖലയെ തകർത്തു. പണമുണ്ട്, ചെലവഴിക്കുന്നില്ല. ശ്രീ. എള മരം കരീം വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് 583 കോടി രൂപ യുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് കൊടുത്ത് അത് അവർ അംഗീ കരിച്ചതാണ്. ആ തുക വാങ്ങാൻ എന്തെങ്കിലും നടപടി നിങ്ങൾ സ്വീകരി ക്കുന്നുണ്ടോ? കൈത്തറി വ്യവസായം പാടെ തകർന്നിരിക്കുകയാണ്. ഖാദി മേഖലയിൽ ഞങ്ങൾ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിച്ചു, മിനിമം വേജസ് ഏർപ്പെടുത്തി, ഇൻകംസപ്പോർട്ട് സ്കീം നടപ്പിലാക്കി. കൈത്തറി യിൽ 3 കോടി 98 ലക്ഷം രൂപ മാത്രമാണ് ഇൻകംസപ്പോർട്ട് സ്കീം കൊടുത്തത്. ഈറ്റ പനമ്പ് മേഖനയിൽ ഒരു ലക്ഷം തൊഴിലാളികളുണ്ട്, അവർക്ക് ഇന്ന് ജോലിയും കൂലിയുമില്ല. കള്ളുചെത്തുമേഖലയിൽ ആയിരം കള്ളുഷാപ്പുകൾ അടച്ചിട്ടിരിക്കുകയാണ്. പുതിയ ഓർഡിനൻസ് വരുന്നത് വീണ്ടും ഈ വ്യവസായത്തിന് കൂനിന്മേൽ കുരുവാകും. ആ നിയമഭേദഗതിയെ സംബന്ധിച്ച് ചർച്ചയ്ക്ക് വരുമ്പോൾ അഭിപ്രായം പറ

യാം. പതിനഞ്ച് ലക്ഷത്തിലധികം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗതമേഖലയെ തകർക്കുന്ന നിങ്ങളുടെ നയത്തിനെതിരെ ശക്തമായ പോരാട്ടം വരുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൃപ്തികരമായ മറുപടി പറയണമെന്നും ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിറുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പി. കെ. ഗുരുദാസൻ വളരെ സൗമ്യമായി പറഞ്ഞ കാര്യങ്ങൾക്ക് ഞാൻ സൗമ്യമായി തന്നെ മറുപടി പറയാം. അങ്ങ് എല്ലാ കാര്യങ്ങളും നേരിട്ടറിയുന്ന ആളാണ്. കശുവണ്ടി രംഗത്ത് 2011-12-ൽ റിക്കാർഡ് ദിവസങ്ങളാണ് പണി നടന്നത് - 288 ദിവസം. അതുപോലെ കാപ്പെക്സിൽ 226 ദിവസം. ഇതിനുമുമ്പ് ഒരിക്കലുമുണ്ടാകാത്ത വിധത്തിൽ പണി നടന്നു. ഈ വർഷം 160 ദിവസം പണി നടന്നു. ഇപ്പോൾ 28 ദിവസമായി അവിടെ പൂട്ടിക്കിടക്കുകയാണ്, സമ്മതിക്കുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അതിനകത്ത് ഇടപെട്ടിട്ടുണ്ട്. എത്രയും വേഗം ആ പ്രശ്നം ഞങ്ങൾ പരിഹരിക്കും. കശുവണ്ടി മേഖലയിലെ പ്രാധാന്യം നല്ലതുപോലെ മനസ്സിലാക്കുന്നു. കൂടുതൽ തൊഴിലാളികളുണ്ട്. ഉള്ള തൊഴിലാളികളിൽ നൂറ് ശതമാനവും പറയാൻ സാധിക്കത്തക്കവിധത്തിൽ സ്ത്രീ തൊഴിലാളികളാണ്, ഏറ്റവും പാവപ്പെട്ട

കുടുംബങ്ങളിൽ നിന്നുള്ളവരാണ്. 2011-2012 സാമ്പത്തിക വർഷം 28.75 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വച്ചു 2012-2013-ൽ 37 കോടി രൂപ വച്ചു. ഇതിനോടകംതന്നെ 22 കോടി രൂപ കൊടുത്തു കഴിഞ്ഞു. അതുപോലെ കാപ്പെക്സിന് 14 കോടി രൂപ ഈ വർഷം ഇതിനോടകം കൊടുത്തിട്ടുണ്ട്. നിശ്ചയമായും സ്വകാര്യമേഖലയിലെ ചൂഷണം നമുക്ക് ഒരിക്കലും അംഗീകരിക്കാൻ പാടില്ല. അതിന് ശക്തമായിട്ടുള്ള നടപടികൾ തൊഴിൽ വകുപ്പിൽനിന്ന് സ്വീകരിക്കും എന്ന് ഉറപ്പു പറയുന്നു. അങ്ങും തൊഴിൽ വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് ഉള്ള അനുഭവങ്ങളുണ്ട്. അതനുസരിച്ച് വേണ്ട നിർദ്ദേശം തന്നാൽ അത് നടപ്പിലാക്കും. കശുവണ്ടിയുടെ ഇറക്കുമതിയെ ഈ ഗവൺമെന്റ് ശക്തമായി എതിർക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ ആ സമീപനത്തോട് യോജിപ്പില്ല. ശ്രീ. കുഞ്ഞാലിക്കുട്ടി കത്തെഴുതി അതിനുശേഷം ഞാൻ കത്തെഴുതി. കാരണം അത് നമ്മുടെ വ്യവസായത്തെ ബാധിക്കും, തൊഴിലാളികളെ ബാധിക്കും. അതുകൊണ്ട് അതിനെതിരെ ശക്തമായിട്ടുള്ള നിലപാടുമായി നിൽക്കും എന്നു വ്യക്തമാക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u> : സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. രണ്ടാമതായി ഇരുന്നൂറിലധികം സ്വകാര്യ ഫാക്ടറികൾ, ഒരു ചട്ടവും വ്യവസ്ഥയും ഇല്ലാതെ അൺരജിസ്റ്റേർഡ് ഫാക്ടറികൾ 200 എണ്ണം ആരംഭിച്ചി

ട്ടുണ്ട്.. ഇത് വ്യാപകമാണ്. ഇതിന്റെ ഫലമായി ഇങ്ങനെയുള്ള അഴിമതിയും ചൂഷണവും വ്യാപകമാകുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി : എനിക്കും സമയത്തിന്റെ പരിമിതിയുണ്ട്. ഏതായാലും ഞാൻ പറഞ്ഞു, സ്വകാര്യമേഖലയിൽ ചൂഷണം നമുക്ക് അംഗീകരിക്കുവാൻ കഴിയില്ല, ശക്തമായിട്ടുള്ള നടപടികളെടുക്കും. കയർമേഖലയെക്കുറിച്ച് പറയുമ്പോൾ ഇന്നലെ ശ്രീ. അടൂർ പ്രകാശ് ഇവിടെ സംസാരിച്ചപ്പോൾ അവിടെ ആത്മഹത്യ ചെയ്ത രണ്ടു പേർക്ക് സഹായം നൽകിയില്ല എന്നു പറഞ്ഞു. ഞങ്ങൾ ഇതുപോലുള്ള പ്രശ്നങ്ങളിൽ അങ്ങേയറ്റം മനുഷ്യത്വപരമായിട്ടുള്ള സമീപനമേ എടുക്കുകയുള്ളു. ഇന്നലെ കൂടിയ ക്യാബിനറ്റിൽ ശ്രീ. അടൂർ പ്രകാശ് ഈ പ്രശ്നം പറഞ്ഞു. രണ്ട് കുടുംബങ്ങൾക്കും ഒരു ലക്ഷം രൂപ വീതം കൊടുക്കാനുള്ള തീരുമാനം ഇന്നലെതന്നെ എടുത്തിട്ടുണ്ട്. കയർ മേഖലയിൽ തൊഴിലാളികൾക്കുള്ള കൂലി 180 രൂപ ആയിരുന്നത് 210 രൂപയായി വർദ്ധിപ്പിച്ചു. ഇതിൽ 100 രൂപ സൊസൈറ്റി കൊടുക്കും. 110 രൂപ അവരുടെ അക്കൗണ്ടിലേക്ക് നമ്മൾ ട്രാൻസ്ഫർ ചെയ്ത് കൊടുക്കുന്നു. ഇതിനോടകം തന്നെ 21,461 പേർക്ക് നൽകിയിട്ടുണ്ട്.

ശ്രീ. ജി. സുധാകരൻ : 2011-ൽ തന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 200 രൂപയാക്കി വർദ്ധിപ്പിച്ചു. പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ സാന്നിദ്ധ്യത്തിലാണ് പ്രഖ്യാപിച്ചത്. റിക്കാർഡ് നോക്കിയാൽ മനസ്സിലാകും.

ശ്രീ. ഉമ്മൻ ചാണ്ടി : ബഹുമാനപ്പെട്ട ശ്രീ. സുധാകരൻ അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് പറയുകയാണ്. ഏതെങ്കിലും ഒരു തൊഴിലാളിക്ക് വർദ്ധിപ്പിച്ച 200 രൂപ കൊടുത്തിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ : കൊടുത്തോ എന്ന് നിങ്ങളാണ് പറയേണ്ടത്. അപ്പോൾ തെരഞ്ഞെടുപ്പായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി : കൊടുത്തിട്ടില്ല. നിങ്ങൾ അഞ്ചു കൊല്ലം ഭരിച്ചു അഞ്ച് കൊല്ലത്തിനുള്ളിൽ നിങ്ങൾക്ക് ചെയ്യാൻ സാധിച്ചില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് അവസാനഘട്ടത്തിൽ 200 ആക്കുമെന്ന് പറഞ്ഞു. 200 രൂപയാണെന്ന് നിങ്ങൾ പറഞ്ഞു. പക്ഷേ നിങ്ങൾ നടപ്പിലാക്കിയില്ല. അത് നടപ്പിലാക്കിയത് ശ്രീ. അടൂർ പ്രകാശാണ്. അതുപോലെ ഉൽപ്പന്ന മേഖലയിലെ തൊഴിലാളികളുടെ കൂലി 200 രൂപയായിരുന്നത് 285 രൂപയായി വർദ്ധിപ്പിച്ചു. 2006 മുതൽ 2012 വരെ നിങ്ങൾ പുനരുദ്ധാരണ പദ്ധതി പ്രകാരം 27 കോടി രൂപ 505 സംഘങ്ങൾക്ക് കൊടുത്തപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിനോടകം 9 കോടി 55 ലക്ഷം രൂപ കൊടുത്തുകഴിഞ്ഞു. ഞാൻ നേരത്തെ പറഞ്ഞതുതന്നെയാണ്. ഇതൊക്കെ തികച്ചും അർഹിക്കുന്ന ഒരു കാര്യമാണ്. ആ കാര്യത്തിൽ യാതൊരു വിധത്തിലുള്ള കുറവും ഉണ്ടാകുകയില്ല. അതുപോലെ ക്രയവ്യയ വിലസ്ഥിരതാ പദ്ധതി പ്രകാരം 14.89 കോടി രൂപ ഇതിനോടകംതന്നെ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ കയറ്റു

മതി പരമാവധി വർദ്ധിപ്പിക്കാൻവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നു. 2012 –2013-ൽ അത് മൂന്ന് കോടി രൂപയിൽ എത്തുമെന്നുള്ള പ്രതീക്ഷ യാണുള്ളത്. കൈത്തറി വ്യവസായത്തിൽ ഇന്ത്യയിൽ ആദ്യമായി കേരള ത്തിൽ ഹാൻഡ്‌ലൂം റിവൈവൽ ആന്റ് റി-സ്ട്രക്ച്ചറിംഗിന്റെ ഭാഗമായി കൈത്തറി സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായമായി 25 കോടി രൂപ ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. നിശ്ചയ മായും ഇത് വലിയ അംഗീകാരമാണ്. ഇന്ത്യയുടെതന്നെ ഏറ്റവും പ്രധാനപ്പെട്ട സെന്ററായി കണ്ണൂർ, കൈത്തറിയുടെ ഹബ്ബായി മാറത്തക്കവി ധത്തിലാണ് നമ്മൾ ഇന്ന് ലക്ഷ്യമിട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ രംഗത്ത് നമുക്ക് കാര്യമായ സാമ്പത്തിക പ്രതിസന്ധിയോ കാര്യങ്ങളോ ഇല്ല. ഉള്ള ഒരു പ്രതിസന്ധി ആവശ്യത്തിന് തൊഴിലാളികളെ കിട്ടുന്നില്ല എന്നുള്ളതാണ്.

ശ്രീ. വി. ശശി : കേന്ദ്ര ഗവൺമെന്റിന്റെ സ്കീം പ്രകാരം 3828 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. കേരളം കൈത്തറി രംഗത്ത് വളരെ പ്രധാനപ്പെട്ട ഒരു സംസ്ഥാനമാണ്. 25 കോടി എന്നു പറയുന്നത് വളരെ തുച്ഛമായ തുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇത് ആദ്യത്തെ അലോട്ട്മെന്റാണ്. ആദ്യത്തെ അലോട്ട്മെന്റിലുള്ള പാക്കേജ് ആയിരിക്കും അങ്ങ് ഉദ്ദേ ശിക്കുന്നത്. കൈത്തറി പാക്കേജ് വേറെയുണ്ട്. ഇത് റീസ്ട്രക്ച്ചറിംഗ് ആയിട്ടുള്ള ഒരു സ്കീമിൽ ഉൾപ്പെടുത്തി നമുക്ക് കിട്ടിയിട്ടുള്ളതാണ്. കര

കൗശല വികസനത്തിനുവേണ്ടി അഞ്ച് കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. ബീഡിയുടെ കാര്യത്തിൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ നമുക്ക് കാര്യമായിട്ടൊന്നും ചെയ്യാൻ പറ്റിയിട്ടില്ല. കാരണം പുകവലി നിരോധിച്ചിരിക്കുകയാണ്. അത് കർശനമായി നടപ്പിലാക്കണം. അതുകൊണ്ട് ബീഡി വ്യവസായത്തിൽ നമുക്കൊരു തളർച്ചയും പിന്നോക്കാവസ്ഥയുമാണുള്ളത്. എന്നിട്ടും ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾ പൂർണ്ണമായിട്ട് നിയമപ്രകാരം ഇ.എസ്.ഐ. എക്സംപ്ഷൻ പിൻകാല പ്രാബല്യത്തോടുകൂടി കൊടുക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. പക്ഷേ, ബീഡി വ്യവസായത്തിന്റെ പ്രത്യേകത കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് മുൻകാല പ്രാബല്യത്തോടുകൂടി ബീഡി വ്യവസായത്തിന് ഇ.എസ്.ഐ. എക്സംപ്ഷൻ വാങ്ങിയെടുത്തു. അത് ബീഡി വ്യവസായത്തിന് ചെയ്യേണ്ട ഒരു സഹായമായി നമ്മൾ അത് പ്രത്യേകമായി എടുക്കുന്നതാണ്. ദിനേശ് ബീഡിക്ക് തൊഴിലാളികൾക്ക് നൽകുന്ന ആശ്വാസ പെൻഷന്റെ കുടിശ്ശിക ഉടനെതന്നെ തീർത്തു നൽകും. ഈ ഡിസംബർ 31-ന് മുമ്പുതന്നെ നൽകുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കള്ള്ചെത്ത് തൊഴിലാളികളുടെ കാര്യം അങ്ങ് വലിയ കാര്യമായി പറഞ്ഞു എന്നു തോന്നുന്നില്ല.

<u>ശ്രീ. സി. കൃഷ്ണൻ</u> : സർ, ദിനേശ് ബീഡി തൊഴിലാളികളുടെ ആശ്വാസപെൻഷൻ സംബന്ധിച്ച് കഴിഞ്ഞ സഭയിൽ ബഹുമാനപ്പെട്ട വ്യ

വസായ വകുപ്പുമന്ത്രി ഒരു ഉറപ്പ് നൽകിയതാണ്. പക്ഷേ, ഇതുവരെ അത് നടപ്പിലായില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഡിസംബർ 31-ന് മുമ്പ് ആശ്വാസ പെൻഷന്റെ കുടിശ്ശിക കൊടുത്തിരിക്കും. മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള കാര്യങ്ങൾ അങ്ങ് സൂചിപ്പിച്ചു. മത്സ്യത്തൊഴിലാളി മേഖല യുടെ പ്രാധാന്യവും പ്രത്യേകതയും ഞങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ടാണ് പ്രവർത്തിച്ചിട്ടുള്ളത്. കഴിഞ്ഞ കുറെ വർഷങ്ങളായി കൊടുത്തു കൊണ്ടിരിക്കുന്ന മണ്ണെണ്ണയുടെ ഒരു ലിറ്ററുപോലും ഈ ഗവൺമെന്റ് വന്നതിനുശേഷം കുറച്ചിട്ടില്ല. കൂട്ടണമെന്ന് നമുക്ക് ആഗ്രഹ മുണ്ട്. കേന്ദ്ര ഗവൺമെന്റിനോട് നിരന്തരമയി പ്രത്യേക ക്വാട്ട അനു വദിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. അത് അനുവദിക്കാത്തിടത്തോളം കാലം കൊടുത്തു കൊണ്ടിരിക്കുന്ന മണ്ണെണ്ണയുടെ അളവ് കൂട്ടാൻ പറ്റു ന്നില്ല. എന്നാൽ കൊടുത്തുകൊണ്ടിരിക്കുന്നത് അൽപം പോലും കുറ യ്ക്കില്ല. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം നടക്കുന്നുണ്ട്. നിലവിലെ നിയമമനുസരിച്ചാണ് പ്രവർത്തിക്കുന്നത്. കൊമേഴ്സ്യൽ ബാങ്കുകൾ ആ നിയമത്തിന്റെ പരിധിയിൽ......

ശ്രീ. പി.കെ. ഗുരുദാസൻ : സർ, .....

മി. സ്പീക്കർ : അദ്ദേഹം പറയട്ടെ, ....... പ്ലീസ്........... പ്ലീസ്.............

ശ്രീ. ഉമ്മൻ ചാണ്ടി : മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കഴിഞ്ഞ വർഷം സഹകരണ മേഖല

വഴിയും മത്സ്യഫെഡ് വഴിയും 125 കോടി രൂപ കൊടുത്തു. നമ്മുടെ കാർഷിക കടാശ്വാസ കമ്മീഷൻ നിങ്ങൾ അഞ്ചു കൊല്ലക്കാലം ഇരുന്നിട്ട് ഇത്രയും കൊടുത്തില്ല. 125 കോടി രൂപ കഴിഞ്ഞ വർഷം കൊടുത്തിട്ടു ണ്ട്.

മി. സ്പീക്കർ : മുഖ്യമന്ത്രി മറുപടി പറയുകയല്ലേ? പ്ലീസ് ............... ശ്രീ. ശശീന്ദ്രൻ,

ശ്രീ. ഉമ്മൻ ചാണ്ടി :: സർ, മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് തുക 2 ലക്ഷംരൂപയിൽ നിന്നും 3 ലക്ഷംരൂപയായി ഉയർത്തി. ഭവന സഹായ പദ്ധതി 50,000 രൂപയിൽ നിന്നും രണ്ടുലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. സെയിലിൽ പോകാത്ത കള്ളുഷാപ്പുകളുടെ ഭിക്ഷ ക്കരം ഒഴിവാക്കി. ഒരു ഷാപ്പുപോലും ഞങ്ങളായിട്ട് പൂട്ടിയിട്ടില്ല. സംഘ ടനാ നേതാക്കളുമായി ആലോചിച്ച് സെയിലിൽ പോകാത്ത കള്ളുഷാപ്പു കൾ വെറും 500 രൂപയ്ക്ക് തൊഴിലാളിക്ക് കൊടുത്തു. കാരണം നമുക്ക് ഏതായാലും മദ്യ നിരോധനം നടപ്പിലാക്കാൻ സാധിക്കില്ല. അങ്ങനെ യൊരു സാഹചര്യത്തിൽ കള്ള് വ്യവസായത്തിനാണ് പ്രയോറിറ്റി നൽകു ന്നത് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. യൂണിയൻ നേതാ ക്കളുമായി ആലോചിച്ച് അവരുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊ ണ്ടാണ് മുന്നോട്ടു പോകുന്നത്. കള്ളുചെത്ത് വ്യവസായ രംഗത്ത് ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികൾ സ്വീകാര്യമാണോ അല്ലയോ

എന്ന് നിങ്ങളുടെ തൊഴിലാളി നേതാക്കന്മാരോടും ഫെഡറേഷനോടും ചോദിക്കണമെന്നാണ് ബഹുമാനപ്പെട്ട പി.കെ. ഗുരുദാസനോട് പറയാനുള്ളത്. നിങ്ങളുടെ തൊഴിലാളി നേതാക്കന്മാർ ചൂണ്ടിക്കാണിക്കുന്ന പോരായ്മകൾ ഞങ്ങളോട് പറഞ്ഞാൽ അതിന് പരിഹാരം കാണാം. ഖാദി നെയ്ത്തുകാർക്ക് ഇൻകം സപ്പോർട്ട് സ്കീം അനുസരിച്ച് മിനിമം വേജസ് നൽകാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. കയർ-ഖാദി-ബീഡി തുടങ്ങിയ മേഖലകളിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കി. ഇത് നിങ്ങൾ പ്രഖ്യാപിച്ചെങ്കിലും നടപ്പിലാക്കിയില്ല.

ശ്രീ. എളമരം കരീം: 2010–2011 –ൽ ഇംപ്ലിമെന്റ് ചെയ്തിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: ഡിസ്ട്രിബ്യൂട്ട് ചെയ്തിരുന്നോ? ഏതായാലും 2011–2012 സാമ്പത്തിക വർഷത്തിൽ ഈ മേഖലയിലെ ആളുകളെ കണ്ടെത്തി അത് കൊടുത്തു. ഈറ്റ-കാട്ടുവള്ളി-ഖാദി മേഖലകളിലെ തൊഴിലാളികൾക്ക് ഇതിന്റെ ആശ്വാസം ലഭിക്കുന്നുണ്ട്. 2012–2013 സാമ്പത്തിക വർഷത്തിൽ, ഫിഷറീസ്- 30 കോടിരൂപ, കയർ വ്യവസായം- 23 കോടി രൂപ, ഈറ്റ-കാട്ടുവള്ളി വ്യവസായം- 2 കോടിരൂപ, ഖാദി വ്യവസായം- 20 കോടി രൂപ എന്ന നിരക്കിൽ 75 കോടിരൂപ ഇൻകം സപ്പോർട്ട് സ്കീമനുസരിച്ച് നീക്കിവച്ചിട്ടുണ്ട്. വിവിധ മേഖലകളിലെ തൊഴിലാളികളുടെ പെൻഷന്റെ കാര്യം - കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തില്ല എന്ന് ഇന്നലെ ഇവിടെ പറഞ്ഞു. ഓണം വരെ

യുള്ള എല്ലാ പെൻഷനും കൊടുത്തു തീർത്തിട്ടുണ്ട്. പെൻഷനുകൾ വിതരണം ചെയ്യുന്നത് മാസംതോറുമല്ല. പ്രധാന ഉത്സവവേളകൾ വച്ചിട്ടാണ്. ബാക്കിയുള്ള എല്ലാ പെൻഷനുകളും വരുന്ന ഡിസംബറിൽ കൊടുത്തുതീർക്കാൻ ഡിസ്ട്രിബ്യൂട്ട് ചെയ്യുന്ന ഏജൻസികളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആ കാര്യത്തിൽ പ്രത്യേക തീരുമാനം എടുത്തിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയുടെ കാര്യത്തിൽ പ്രത്യേക പരിഗണനയുണ്ടാകും. ഈ പ്രശ്നം ഇവിടെ അവതരിപ്പിച്ചതിന് ശ്രീ. പി. കെ. ഗുരുദാസനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഏതെങ്കിലും നയപരമായ തീരുമാനത്തിൽ എന്തെങ്കിലും പോരായ്മ പ്രതിപക്ഷം ചൂണ്ടിക്കാണിച്ചാൽ അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിൽ പ്രത്യേക പരിഗണന വേണമെന്നുപറഞ്ഞാൽ അതും കണക്കിലെടുക്കും. പരമ്പരാഗത വ്യവസായങ്ങളുടെ പൊതുവായ വികസനമാണ് നമ്മൾ ലക്ഷ്യമിടുന്നത്. കശുവണ്ടി വ്യവസായത്തിന്റെ കാര്യത്തിൽ നമ്മൾ തമ്മിൽ അഭിപ്രായ വ്യത്യാസമില്ല. ഇറക്കുമതിയെ നമ്മൾ എതിർക്കുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്ന് ഞാൻ ഒരിക്കൽക്കൂടി ഉറപ്പു പറയുന്നു. ശ്രീ. എ.കെ ശശീന്ദ്രൻ പല പ്രാവശ്യം എഴുന്നേറ്റു. അദ്ദേഹത്തിന് വഴങ്ങാം.

<u>ശ്രീ. എ.കെ ശശീന്ദ്രൻ</u>: സർ, മത്സ്യത്തൊഴിലാളി കടാശ്വാസവുമായി ബന്ധപ്പെട്ട ജപ്തി നടപടികൾക്ക് പ്രഖ്യാപിച്ചിരുന്ന മൊറട്ടോറിയത്തിന്റെ കാലാവധി ഈ ഡിസംബർ 31-ന് തീരുകയാണ്. ഈ സാഹചര്യ

ത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിരുന്ന മൊറട്ടോറിയത്തിന്റെ കാലാവധി നീട്ടാൻ ഇതിനോടകംതന്നെ തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്നാണ് എനിക്ക് പറയാനുള്ളത്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ശ്രീ. പി.കെ. ഗുരുദാസൻ അവതരിപ്പിച്ച അടിയന്തര പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് സംസാരിക്കുമ്പോൾ, 10-15 ലക്ഷത്തോളം വരുന്ന തൊഴിലാളികളെ സംബന്ധിച്ച് ഓരോന്നായി പറയേണ്ടി വരുമ്പോൾ കൂടുതൽ സമയം വേണ്ടി വരുമെന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കുറച്ച് സമയം അനുവദിച്ചു. പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കുറെ കാര്യങ്ങൾ ചെയ്യുന്നതായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിവരിച്ചത്. കഴിയുമെങ്കിൽ ഒരു പാക്കേജുതന്നെ ഗവൺമെന്റ് പ്രഖ്യാപിച്ചാൽ നന്നായിരിക്കുമെന്നാണ് എനിക്ക് ഇത് സംബന്ധിച്ച് അറിയിക്കാനുള്ളത്. പ്രതിപക്ഷം ആ പാക്കേജ് പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങളെടുക്കുകയും ഗവൺമെന്റിന് സഹായമായിട്ടുള്ള നിലപാട് എടുക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നതാണ് എന്നു

കൂടി ഈ അവസരത്തിൽ അറിയിക്കുകയാണ്. സാധാരണ അടിയന്തര പ്രമേയത്തിന്മേൽ എടുക്കുന്ന നിലപാട് ഞങ്ങൾ ഈ പ്രശ്നത്തിൽ എടുക്കുന്നില്ല. അതേസമയം അങ്ങ് ഒരു കാര്യം ഓർക്കണം. ചെറുകിട വ്യാപാര രംഗത്ത് പ്രതിപക്ഷത്തിന്റെ അഭിപ്രായം തന്നെയാണ് ഞങ്ങൾക്കുമുള്ളത് എന്ന് പരമ്പരാഗത വ്യവസായത്തെ സംബന്ധിച്ച് പറഞ്ഞപ്പോൾ ഏതാണ്ട് എല്ലാ കാര്യത്തിലും നമ്മൾ രണ്ടുകൂട്ടരുടെയും അഭിപ്രായം ഒരുപോലിരിക്കുന്നു എന്നുള്ളത് വന്നിരിക്കുകയാണ്. പക്ഷേ വോൾമാർട്ട് കുറച്ച് കാശുമായിട്ട് ഇറങ്ങിയപ്പോൾ കേരളത്തിൽ നിന്നുള്ള എം.പി-മാരിൽ ഒരാൾപോലും നിങ്ങളെ അനുകൂലിക്കാനില്ലായിരുന്നു. ആ എം.പി -മാർ എവിടെപ്പോയി എന്ന് നിങ്ങൾ അന്വേഷിച്ചിട്ടുണ്ടോ? അതേ സമയം 125 കോടി രൂപ വാൾമാർട്ട് ക്യാൻവാസിംഗിന് ചെലവഴിച്ചു എന്നുള്ളതിനെപ്പറ്റിയുള്ള ആക്ഷേപം പാർലമെന്റിൽ വന്നപ്പോൾ അടിയന്തിരമായി അതേക്കുറിച്ച് അന്വേഷിക്കാൻ നടപടി സ്വീകരിക്കാമെന്ന് പ്രധാനമന്ത്രി പറഞ്ഞത് നല്ല കാര്യം തന്നെയാണ്. പക്ഷേ ആ 125 കോടിരൂപയിൽ നിന്ന് കേരളത്തിൽ നിന്നുള്ള എം.പി-മാർക്ക് വല്ലതും കിട്ടിയിട്ടുണ്ടോ എന്നുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കണം. അതേ സ്ഥിതി ഇതിനു വരരുത്...........(ബഹളം)........... പരമ്പരാഗത വ്യവസായം സംബന്ധിച്ച് അങ്ങ് നൽകിയ ഉറപ്പ് അതിന്റെ ഗൗരവത്തോടുകൂടിത്തന്നെ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന പ്രതീക്ഷയോടുകൂടി സാധാരണ ഞങ്ങൾ അടിയ

ന്തര പ്രമേയത്തോട് എടുക്കുന്ന സമീപനം ഈ കാര്യത്തിൽ എടുക്കുന്നി ല്ല. നിങ്ങളുടെ അഭിപ്രായംപോലെ തന്നെയാണ് ഞങ്ങളുടെ അഭിപ്രായം എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പറഞ്ഞത് വോൾമാർട്ടിന്റെ സ്ഥിതിയിൽ എത്താത്ത തരത്തിൽ ആ തീരുമാനം ഒരു പാക്കേജ് എന്ന നിലയിൽ നട പ്പിലാക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് അങ്ങയുടെ ഉറപ്പിന് നന്ദി പ്രകാശി പ്പിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മറുപടി പറഞ്ഞ കൂട്ടത്തിൽ നമ്മുടെ എം.പി-മാരെ ആക്ഷേപിക്കുന്ന രീതി യിലുള്ള പരാമർശം നടത്തി.......(ബഹളം)....... നിങ്ങൾ കേൾക്കൂ.. എം.പി-മാർ വോട്ട് ചെയ്തത് കേരളത്തിൽ എഫ്.ഡി.ഐ റീട്ടെയിൽ ഷോപ്പുകൾ തുടങ്ങാൻ അനുവദിക്കില്ല എന്ന തീരുമാനമെടുത്തപ്പോൾ, ആ തീരുമാന ത്തോടൊപ്പംനിന്ന് കേരളത്തിന്റെ തീരുമാനം പ്രധാനമന്ത്രിയേയും ഞങ്ങ ളുടെ പാർട്ടിയുടെ നേതൃത്വത്തേയും അറിയിച്ച് അതിന് അംഗീകാരം വാങ്ങിത്തന്നത് കേരളത്തിൽ നിന്നുള്ള ഈ എം.പി-മാർ ആയിരുന്നു എന്നുള്ള കാര്യം അങ്ങ് മറക്കരുത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, എം.പി. മാരായിട്ടുള്ള ആളു കളെ എനിക്ക് ആക്ഷേപിക്കണമെന്നില്ല. പക്ഷേ, നിങ്ങൾ ഞങ്ങൾക്ക് നൽകിയ ഉറപ്പ്, പ്രതിപക്ഷത്തിന്റെ അഭിപ്രായം തന്നെയാണ് ഞങ്ങൾക്കുമുള്ളത് എന്ന് പറഞ്ഞ ഉറപ്പ്, കുറുപ്പിന്റെ ഉറപ്പ് പോലെ

യായിപ്പോയി എന്ന സങ്കടം ഞാൻ മുഖ്യമന്ത്രിയുടെയും സഭയുടെ ശ്രദ്ധ യിലും പെടുത്തുകയായിരുന്നു. അവിടെ ഒന്ന് എടുത്തു, ഇവിടെ വേറൊന്ന് സംഭവിച്ചു. ആ സ്ഥിതി വരരുത്. ഏതെങ്കിലും എം.പി.മാരായി ട്ടുള്ള ആളുകളെപ്പറ്റി ഞാൻ പറഞ്ഞത് ഒരു ആക്ഷേപമായി കരുതുന്നു ണ്ടെങ്കിൽ, ഞാൻ അത് സവിനയം പിൻവലിക്കാൻ തയ്യാറാണ്. പക്ഷേ ഈ കാര്യം അന്നത്തെ ആ ഒരു സ്ഥിതി, നിങ്ങൾ ഞങ്ങളുടെ അഭിപ്രാ യത്തെ അനുകൂലിച്ചതിന്റെ ഫലം കണ്ടില്ലായെന്ന് ഓർമ്മപ്പെടുത്തിയെന്ന് മാത്രം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതിൽ തന്നെയാണ്, അങ്ങ് പറഞ്ഞ അതേ കാര്യത്തിൽ തന്നെയാണ് ഞങ്ങളും നിൽക്കുന്നത്. കേരളത്തിൽ ഒരു കാരണവശാലും എഫ്.ഡി.ഐ. അനുസരിച്ചിട്ടുള്ള റീട്ടെയിൽ ഷോപ്പ് ഈ ഗവൺമെന്റ് ഉള്ള കാലത്ത് ഉണ്ടാകില്ല എന്ന് വ്യക്തമാക്കാൻ ആഗ്ര ഹിക്കുന്നു. ആ തീരുമാനത്തിന് ഞങ്ങളുടെ പാർട്ടി നേതൃത്വത്തിന്റെ അംഗീകാരം നേടുന്നതിന് എറ്റവുമധികം പ്രവർത്തിച്ചത് കേരളത്തിൽ നിന്നുള്ള എം.പി.മാരാണ്. ഞങ്ങളുടെ എല്ലാ എം.പി.-മാരും ഇവിടെ ഒറ്റ ക്കെട്ടായി നിന്നുകൊണ്ടാണ് എന്ന കാര്യം അങ്ങ് മറക്കരുത്. പാർല മെന്റിൽ പാർട്ടി വിപ്പ് അനുസരിച്ച് വോട്ട് ചെയ്യാനുള്ള ബാധ്യതയുണ്ട്. അത് അവർ ചെയ്യും. അതിന് വാൾമാർട്ടോ മറ്റെന്നോ അല്ല പ്രശ്നം. അവിടെ പാർട്ടി വിപ്പാണ്. പാർട്ടിയുടെ ഡിസിപ്ലിനാണ്, പാർട്ടി കൂറാണ്, അതാണ് പ്രശ്നം. അതുകൊണ്ട് അങ്ങ് പിൻവലിച്ചതിൽ സന്തോഷമുണ്ട്.

പക്ഷേ അങ്ങനെയൊരു പരാമർശം സഭയിൽ ഉണ്ടാകാനേ പാടില്ലായിരുന്നൂവെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

ചെയറിന് ഒരു കാര്യം പറയാനുണ്ട്. ചോദ്യോത്തര സമയത്ത് ചെയറിന് ഒരു തെറ്റുപറ്റിയതായി കാണുന്നു. ചെയർ അതിനുള്ള ഖേദം സഭയെ അറിയിക്കുകയാണ്. കാരണം, സഭാചട്ടങ്ങൾ ചെയറിനും ബാധകമാണ്. ചോദ്യം ചോദിക്കേണ്ട വിധം : ചട്ടം 43-ൽ, 'സ്പീക്കർ ചോദ്യപ്പട്ടികയിൽ ആരുടെ പേരിൽ ചോദ്യം കാണുന്നുവോ ആ ആൾ ഓരോ അംഗത്തേയും അനുക്രമമായി വിളിക്കണമെന്നാണ് പറയുന്നത്'. ഞാൻ ഒരു മന്ത്രികൂടി പറയട്ടേ എന്നുകരുതി സദുദ്ദേശത്തിലാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേര് വിളിച്ചത്. അതല്ലാതെ ആ ചോദ്യത്തിൽ കാണുന്ന താഴോട്ടുള്ള ഒരംഗത്തിന് ചോദ്യം ചോദിക്കാൻ അപ്പോൾ അവസരം കിട്ടുകയില്ലായിരുന്നു. എങ്കിലും ചോദ്യം അങ്ങനെ ബൈപാസ് ചെയ്തതുകൊണ്ട് ശ്രീ. തോമസ് ഉണ്ണിയാടനും ശ്രീ. ടി.യു. കുരുവിളയ്ക്കുമാണ് ചോദ്യം ചോദിക്കാനുള്ള അവസരം നിഷേധിക്കപ്പെട്ടത്. അങ്ങനെ ചെയറിന്റെ ഭാഗത്തുനിന്നും തെറ്റ് ഉണ്ടാകാൻ പാടില്ല. അത് ചട്ടവിരുദ്ധമായതുകൊണ്ടാണ് എന്റെ ഖേദം ഞാൻ അറിയിച്ചത്. വീണ്ടും പറയുന്നു, ചട്ടങ്ങൾ ചെയറിനും നിർബന്ധമായും ബാധകമാണ്.